A3/176/2024-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ്-തെയ്യം കലാ അക്കാദമിക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.155/2025/CLAD തീയതി,തിരുവനന്തപുരം, 22-03-2025

പരാമർശം:-
1. സ.ഉ.(സാധാ) നം.146/2023/CLAD തീയതി 25.03.2023
2. സ.ഉ.(സാധാ) നം.696/2024/CLAD തീയതി 06.12.2024
3. സ.ഉ.(സാധാ) നം.76/2025/CLAD തീയതി 21.02.2025
4. തെയ്യം കലാ അക്കാദമി സെക്രട്ടറിയുടെ 06.03.2025 തീയതിയിലെ 03/25/NCTICH/Academy നമ്പർ കത്ത്.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷം തെയ്യം കലാ അക്കാദമിക്ക് ചെലവുകൾ നിർവഹിക്കുന്നതിനുള്ള പ്രവർത്തന ഫണ്ട് ആയി ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) 2205-102-77-59-(NP)-Voted) എന്ന ശീർഷകത്തിൽ നിന്നും പരാമർശം (1) പ്രകാരം അനുവദിച്ചുത്തരവായിരുന്നു. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (2) പ്രകാരം ആദ്യ ഗഡുവായി 10,00,000/- രൂപയും (പത്ത് ലക്ഷം രൂപ മാത്രം) പരാമർശം (3) പ്രകാരം രണ്ടാം ഗഡുവായി 8,00,000/- രൂപയും (എട്ട് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം (4)-ലെ കത്ത് പ്രകാരം മൂന്നാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ തലശ്ശേരിയിൽ പ്രവർത്തിക്കുന്ന തെയ്യം കലാ അക്കാദമിക്ക് 2024-25 സാമ്പത്തിക വർഷം 2205-00-102-77-59 (NV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും 4,00,000/-രൂപ (നാല് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക 04/01/2021-ലെ സർക്കുലർ നം. 1/2021/Fin-ലെ നിബന്ധനപ്രകാരം തെയ്യം കലാ അക്കാദമിയുടെ പാനൂർ സബ് ട്രഷറിയിലുള്ള 799011400007747 എന്ന എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യ പത്രവും വിശദമായ ചെലവ് വിവരവും സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തെയ്യം കലാ അക്കാദമി, ചൊക്ലി, തലശ്ശേരി, കണ്ണൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, പാന്തൂർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (2979836) EDN-C3/330/2024-FIN Dated 22.03.2025)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 22-03-2025 17:01:14